**പതിമൂന്നാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2011-2014)

**മൂന്നാമത് റിപ്പോർട്ട്**

(2014 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2011–2014)

മൂന്നാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

391/2014.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
(2011–2014)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
,, റോഷി അഗസ്റ്റിൻ
,, വി. പി. സജീന്ദ്രൻ
,, വി. ശിവൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി
,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-2014)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2014 ഫെബ്രുവരി 3-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.

# ആമുഖം

നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കടലാസുകളും റിപ്പോർട്ടുകളും യഥാസമയം മേശപ്പുറത്തുവയ്ക്കുന്നതിനും കാലതാമസം ഉണ്ടാകുക യാണെങ്കിൽ അതിനുള്ള കാരണം പരിശോധിക്കുന്നതിനും ഒരു പ്രത്യേക സമിതി രൂപീകരിക്കണമെന്ന ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ 21-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപനംവഴിയാണ് 1995 ഏപ്രിൽ 28-ാം തീയതി കേരള നിയമസഭയിലെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായത്.

പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി 2011 ഒക്ടോബർ മാസം 21-ാം തീയതി രൂപീകൃതമായി. സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾകൊണ്ട് അനേകം പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, കേരള ക്ലെയ്സ് & സിറാമിക്സ് പ്രോഡക്റ്റ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാന്റ്‌ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ, കേരള ഡാം സേഫ്റ്റി അതോറിറ്റി, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, ഭാരത് ഭവൻ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2012-13 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെയെങ്കിലും നാളിതുവരെയുള്ള പ്രവർത്തനവും കണക്കുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നതിന് സമിതിയുടെ ഇടപെടൽമൂലം കഴിഞ്ഞു എന്നതിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട്. അതോടൊപ്പം ഭൂരിപക്ഷം സ്ഥാപനങ്ങളും വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകൾ ഇനിയും സഭയിൽ സമർപ്പിച്ചിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. കണക്കുകളും റിപ്പോർട്ടുകളും നിയമസഭയിൽ സമർപ്പിക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട ചട്ടങ്ങൾ നിഷ്കർഷിക്കുംപ്രകാരം അത് പ്രാവർത്തികമാക്കുന്നതുവരെ സമിതിയുടെ ഇടപെടലുകൾ തുടർന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

2012 ഡിസംബർ മുതൽ 2013 ഡിസംബർ വരെയുള്ള കാലയളവുകളിൽ സമിതി പരിശോധിച്ച വിവിധ പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ സംബന്ധിച്ച നിഗമനങ്ങളും നിർദ്ദേശങ്ങളും ശുപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# റിപ്പോർട്ട്

1956-ലെ കമ്പനി നിയമത്തിലെ വകുപ്പുകൾ 166, 210, 230, 619, 619(എ), 619(ബി) എന്നിവയും 1971-ലെ സി. ആന്റ് എ.ജി.യുടെ കർത്തവ്യങ്ങളും അധികാരങ്ങളും സേവന വ്യവസ്ഥകളും നിയമത്തിലെ വകുപ്പ് 19-ഉം അനുസരിച്ച് കമ്പനികൾ/സ്ഥാപനങ്ങൾ അവയുടെ വാർഷിക കണക്കുകളും റിപ്പോർട്ടുകളും അതാത് സാമ്പത്തികവർഷം അവസാനിച്ചശേഷം ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിച്ച് 9 മാസത്തിനുള്ളിൽ (അതായത്, അതത് വർഷം ഡിസംബർ മാസം 31-ാം തീയതിക്ക് മുമ്പായി) കമ്പനികൾ/സ്ഥാപനങ്ങൾ അവയുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും നിയമസഭ മുമ്പാകെ സമർപ്പിക്കേണ്ടതുണ്ട്.

2. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പുറത്തിറക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ആധികാരിക പ്രസിദ്ധീകരണമായ "എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള" യുടെ 2014 ജനുവരിയിൽ പ്രസിദ്ധീകരിച്ച റിവ്യൂ പ്രകാരം, സംസ്ഥാനത്ത് ആകെയുള്ള 114 പൊതുമേഖലാ സ്ഥാപനങ്ങളിൽ 93 എണ്ണം പൂർണ്ണമായും പ്രവർത്തിക്കുന്നവയും ശേഷിക്കുന്ന 21 എണ്ണം ഭാഗികമായി പ്രവർത്തിക്കുന്നവയോ മെർജ് ചെയ്തവയോ ട്രാൻസ്ഫർ ചെയ്തവയോ ലിക്വിഡേറ്റ് ചെയ്തവയോ പൂർണ്ണമായും അടച്ചുപൂട്ടിയവയോ ആണ്. പൂർണ്ണമായും പ്രവർത്തനക്ഷമമായ 93 സ്ഥാപനങ്ങളിൽ 30 സ്ഥാപനങ്ങൾ മാത്രമാണ് 2012-13 വരെയുള്ള വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് യഥാസമയം പൂർത്തിയാക്കിയിട്ടുള്ളതെന്ന് പ്രസ്തുത റിപ്പോർട്ട് വ്യക്തമാക്കുന്നു. ബാക്കിയുള്ള 63 സ്ഥാപനങ്ങൾ വാർഷിക കണക്കുകളിന്മേൽ സമയബന്ധിതമായി ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടില്ല എന്നത് ബന്ധപ്പെട്ടവരുടെ കർത്തവ്യനിർവ്വഹണത്തിലുള്ള അലംഭാവമാണ് ചൂണ്ടിക്കാണിക്കുന്നത്. പൊതുഖജനാവിൽനിന്നും നല്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക എന്നത് ഭരണഘടനാ പരമായ കർത്തവ്യമാണ്. അതിനാൽ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ യഥാസമയം ആഡിറ്റിന് വിധേയമാക്കേണ്ടത് നിയമാനുസൃതമായ ബാദ്ധ്യതയാണ്. വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതുവഴി ഒരു മഹത്തായ ജനാധിപത്യപ്രക്രിയയാണ് നിറവേറ്റപ്പെടുന്നത്. മറിച്ചുള്ള സമീപനങ്ങൾ സ്വീകരിക്കുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയായി വേണം കരുതാൻ. റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസത്തിന് കാരണമായി പലപ്പോഴും കാണിക്കുന്നത് കേവലം ബാലിശവും ഒഴിവാക്കാവുന്നതുമായ പ്രശ്നങ്ങളാണ്.

3. പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി 2011 ഒക്ടോബർ 21-ാം തീയതി രൂപീകൃതമായതിനുശേഷം യഥാസമയം സഭയിൽ സമർപ്പിക്കുവാൻ കഴിയാതെവന്ന നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചു. പല റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുന്നതിന് നിരവധി വർഷത്തെ കാലതാമസം വന്നിട്ടുള്ളതായി സമിതി കണ്ടെത്തി. ആയതിന്

നിരത്തുന്ന കാരണങ്ങൾ മിക്കതും സമാന സ്വഭാവത്തിലുളള നിസ്സാരങ്ങളായ പ്രശ്നങ്ങളാണ്. ഇവയിൽ അധികവും യുക്തിസഹമല്ല എന്നാണ് സമിതിക്ക് ബോധ്യപ്പെട്ടിട്ടുളളത്. റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കാതിരുന്ന വിവിധ സ്ഥാപനങ്ങളുടെ ഭരണ വകുപ്പുകളിൽനിന്നും ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകളും അവ സംബന്ധിച്ച് ലഭിച്ച അധികവിവരങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും അതിന്മേലുള്ള ശുപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## 4. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

4.1 ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സിന്റെ 2012-13-ലെ റിവ്യൂ പ്രകാരം, വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ 2012-13 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

4.2 സ്ഥാപനത്തിന്റെ 2003-04 മുതൽ 2007-08 വരെയുള്ള കാലയളവിലെ വാർഷിക റിപ്പോർട്ടുകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിക്കുകയും 2003-04, 2005-06 എന്നീ വർഷങ്ങളിലേതൊഴികെ മറ്റു വർഷങ്ങളിലെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിക്കുകയും ചെയ്തു.

4.3 2003-04-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി ലഭിക്കുന്നത് 29-11-2008-ൽ മാത്രമാണ്. ഡിലേ സ്റ്റേറ്റ്മെന്റിൽ വകുപ്പ് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശ്വസനീയമല്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇതു സംബന്ധിച്ച് വിശദമായ വിശദീകരണം സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

4.4 2005-06-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി ഈ സെക്രട്ടേറിയറ്റിൽ ലഭിച്ചത് 20-4-2010-ലാണ്. ഓഡിറ്റേഴ്സിനെ 2006-ൽതന്നെ നിയമിച്ചുവെങ്കിലും അക്കൗണ്ട്സ് ഫൈനലൈസ് ചെയ്തത് 2009-ലാണ്. ഓഡിറ്റേഴ്സിനെ യഥാസമയത്ത് നിയമിക്കുകയുണ്ടായെങ്കിലും അക്കൗണ്ട്സ് ഫൈനലൈസ് ചെയ്യുന്നതിൽ വർഷങ്ങളുടെ കാലതാമസമുണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4.5 2008-09, 2009-10, 2010-11 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ യഥാക്രമം 28-7-2012, 10-9-2012, 21-1-2013 എന്നീ തീയതികളിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിക്കുകയും 2008-09, 2009-10 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ 12-12-2012-നും 2010-11-ലെ റിപ്പോർട്ട് 6-2-2013-നും സഭയിൽ സമർപ്പിക്കുകയും ചെയ്തു. 2011-12-ലെ വാർഷിക റിപ്പോർട്ട് 7-1-2014-ൽ സഭയിൽ സമർപ്പിച്ചു.

## 5. കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

5.1 ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരളയുടെ 2012-13-ലെ റിവ്യൂ പ്രകാരം കേരള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10 വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്, എങ്കിലും 2006-07 വരെയുള്ള റിപ്പോർട്ടുകൾ മാത്രമാണ് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ളത്.

5.2 2001-02-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയത് 2008-ലാണ്. മനഃപൂർവ്വമല്ലാത്ത കാലതാമസംമൂലമാണ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ വൈകിയതെന്ന ബാലിശമായ മറുപടിയാണ് അഞ്ച് വർഷത്തിലധികം ഉണ്ടായ കാലതാമസത്തിന് ഡിലേ സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയിട്ടുള്ളത്. ഈ വിശദീകരണം വസ്തുതാപരമല്ലാത്തതിനാൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി യഥാർത്ഥ വസ്തുത ഉടൻതന്നെ അറിയിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

5.3 2001-02-ലെ റിപ്പോർട്ട് 24-6-2008-നും 2002-03, 2003-04 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ 6-2-2013-നും 2004-05-ലേത് 11-6-2013-നും 2005-06-ലേത് 7-1-2014-നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2006-07-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്.

5.4 ഓഡിറ്റിംഗ് എന്നത് സമയബന്ധിതമായും കൃത്യമായും അതത് വർഷങ്ങളിൽ നടത്തിയാൽ മാത്രമേ പൊതുഖജനാവിൽനിന്നും നല്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച വ്യക്തത ഉണ്ടാകുകയുള്ളൂ. എന്നാൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സിന്റെ 2012-13-ലെ റിവ്യൂ പ്രകാരം സ്ഥാപനത്തിന്റെ 2009-10 വരെയുള്ള കണക്കുകൾ മാത്രമേ ആഡിറ്റ് ചെയ്തിട്ടുള്ളൂ. ആഡിറ്റ് പൂർത്തിയായ വർഷങ്ങളിലേതുൾപ്പെടെ 2007-08 മുതൽ 2012-13 വരെയുള്ള ആറ് വർഷങ്ങളിലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തത് സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. പ്രസ്തുത റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## 6. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്

6.1 കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ യഥാക്രമം 25-10-2011, 24-6-2013, 20-1-2014 എന്നീ തീയതികളിലാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കുന്നതിനുവേണ്ടി ലഭിച്ചിട്ടില്ല.

6.2 2006-07-ലെ വാർഷിക റിപ്പോർട്ടിന്മേൽ ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിച്ച സമിതി, റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് ക്രമാതീതമായ താമസവും വീഴ്ചയുമാണ് പ്രസ്തുത സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്നും, റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനെ വളരെ നിസ്സാരമായിട്ടാണ് ബന്ധപ്പെട്ട വകുപ്പ് കാണുന്നതെന്നും അഭിപ്രായപ്പെട്ടു.

6.3 2011-ലെ അസംബ്ലി ഇലക്ഷൻ കാരണം അച്ചടി വകുപ്പിന് തിരക്കായിരുന്നു എന്നും റിപ്പോർട്ടുകൾ അച്ചടിച്ചു കിട്ടാൻ വൈകിയതുകൊണ്ടാണ് 2006-07-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ വൈകിയത് എന്നുമാണ് ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണം. ഭരണഘടനാപരമായ ഒരു കർത്തവ്യം നിർവ്വഹിക്കുന്നതിന് ഇത്രയധികം കാലതാമസം വരുത്തിയതിന് മേൽപ്പറയുന്ന വിശദീകരണത്തിന് ഒരു ന്യായീകരണവുമില്ലെന്നും ഇത്തരം അഭിപ്രായങ്ങൾ ജനാധിപത്യ വ്യവസ്ഥയോടും നിയമനിർമ്മാണസഭയോടും കാട്ടുന്ന അവഗണനയാണെന്നും സമിതി വിലയിരുത്തുന്നു.

6.4 ബ്യൂറോ ഓഫ് പബ്ലിക് എന്റെർപ്രൈസസ്സിന്റെ 2012-13-ലെ റിവ്യൂ പ്രകാരം 2010-11 വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ട് എങ്കിലും 2008-09-ലെ വാർഷിക റിപ്പോർട്ടിനുശേഷമുളള റിപ്പോർട്ടുകൾ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ സഭയിൽ സമർപ്പിച്ചിട്ടില്ല.

6.5 2009-10 മുതൽ 2012-13 വരെയുള്ള റിപ്പോർട്ടുകൾ നാളിതുവരെയും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാത്തത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. പ്രസ്തുത കാലയളവിലെ റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 7. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

7.1 ബ്യൂറോ ഓഫ് പബ്ലിക് എന്റെർപ്രൈസസ് ഇൻ കേരളയുടെ 2012-13-ലെ റിവ്യൂ പ്രകാരം സ്ഥാപനത്തിന്റെ 2009-10 വരെയുള്ള വാർഷിക റിപ്പോർട്ടുകളുടെ ഓഡിറ്റ് മാത്രമേ പൂർത്തിയായിട്ടുള്ളൂ.

7.2 കോർപ്പറേഷന്റെ 2006-07, 2007-08, 2009-10 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ യഥാക്രമം 8-2-2011, 28-6-2011, 4-7-2012 എന്നീ തീയതികളിലാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടുകളോടൊപ്പം ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു. 2010-11-ലെ ഭരണറിപ്പോർട്ട് 19-3-2013-നും 2008-09-ലെ വാർഷിക റിപ്പോർട്ട് 7-1-2014-നും സഭയിൽ സമർപ്പിച്ചു.

7.3 പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടുകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച സമിതി തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള ഡിലേ സ്റ്റേറ്റ്മെന്റാണ് ആഭ്യന്തര വകുപ്പ് നൽകിയിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. സൂപ്പർവിഷൻ ചാർജ് ഈടാക്കുന്നത് സംബന്ധിച്ച തീരുമാനവും വാർഷിക കണക്കുകളുടെ ഓഡിറ്റും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ന്യായീകരണമില്ലെന്നും ആയതിനാൽ ഡിലേ സ്റ്റേറ്റ്മെന്റിലെ പ്രസ്താവനകൾ സമിതിക്ക് തൃപ്തികരമല്ലെന്നും ഇതു സംബന്ധിച്ച് വകുപ്പ് വിശദീകരണം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7.4 നിയമപാലകർതന്നെ നിയമം ലംഘിക്കുന്ന അവസ്ഥ ഉണ്ടാകരുത്. ഗവൺമെന്റിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ അതാത് വർഷങ്ങളിൽ ഓഡിറ്റ് നടത്തുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. കണക്കുകൾ യഥാസമയം ഓഡിറ്റിന് വിധേയമാക്കേണ്ടത് സ്ഥാപനത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

## 8. അന്വേഷണക്കമ്മീഷൻ റിപ്പോർട്ടുകൾ

8.1 കല്ലുവാതുക്കൽ മദ്യദുരന്തം സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് 25-2-2003-ൽ സർക്കാരിൽ ലഭിച്ചിട്ടും സഭയിൽ സമർപ്പിച്ചത് 30-3-2005-ൽ ആണ്. ഇതു സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റിൻമേൽ ലഭിച്ച അധിക വിവരം പരിഗണിച്ച സമിതി കമ്മീഷൻ റിപ്പോർട്ട് ആഭ്യന്തര വകുപ്പിന് ലഭിച്ചശേഷവും ആയത് കുറിപ്പോടുകൂടി അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതിൽ ഒരു വർഷത്തിലധികം കാലതാമസമുണ്ടായതായി മനസ്സിലാക്കി.

8.2 2003 ഏപ്രിൽ മാസം നടന്ന കുപ്പണ മദ്യദുരന്തം സംബന്ധിച്ച ജസ്റ്റീസ് ടി. കെ. ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട്, 17-5-2009-ന് നടന്ന ചെറിയതുറ പോലീസ് വെടിവെയ്പ്പ് സംബന്ധിച്ച ശ്രീ. കെ. രാമകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചത് 7-1-2014-നാണ്.

8.3 വിവിധ തലങ്ങളിലുള്ള ചർച്ചകൾക്കും പര്യാലോചനകൾക്കുംശേഷം നിയോഗിക്കപ്പെടുന്നതാണ് എൻക്വയറി കമ്മീഷനുകൾ. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് മനുഷ്യവിഭവശേഷി കൂടാതെ ഭരണപരവും ഭൗതികപരവുമായ ഒട്ടനവധി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭാരിച്ച ചെലവാണ് സംസ്ഥാന സർക്കാരിന് വഹിക്കേണ്ടിവരുന്നത്. പ്രത്യേക വിഷയത്തിന്റെ ഗൗരവസ്വഭാവം കണക്കിലെടുത്തും കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ പൊതുജനക്ഷേമം മുൻനിർത്തിയുള്ള കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിനുമാണ് ഭാരിച്ച ചെലവ് വഹിച്ചുകൊണ്ടുപോലും സർക്കാർ എൻക്വയറി കമ്മീഷനുകൾ രൂപീകരിക്കുന്നത്. എന്നാൽ കമ്മീഷനുകളുടെ പ്രവർത്തനം പ്രഹസനമാക്കുന്ന രീതിയിലുള്ള തുടർനടപടിക്രമങ്ങളാണ് പലപ്പോഴും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്ന് സമിതി ഖേദപൂർവ്വം നിരീക്ഷിക്കുന്നു. കമ്മീഷന്റെ പ്രവർത്തനംതന്നെ നിസ്സാരവത്ക്കരിക്കുന്നതരത്തിൽ കമ്മീഷൻ റിപ്പോർട്ടുകളിന്മേൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നീതീകരിക്കാനാകാത്ത കാലതാമസം, പൊതുജനങ്ങൾക്കിടയിൽ ആശങ്കകൾ ഉടലെടുക്കുവാനും കമ്മീഷന്റെ രൂപീകരണത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുവാനും ഇടനൽകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഭാവിയിൽ എൻക്വയറി കമ്മീഷൻ റിപ്പോർട്ടുകളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിച്ച് മെമ്മോറാണ്ടം ഓഫ് ആക്ഷൻ ടേക്കൺ സഹിതം എൻക്വയറി കമ്മീഷൻ റിപ്പോർട്ട് സഭയിൽ യഥാസമയം സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശക്തമായ ഭാഷയിൽ നിർദ്ദേശിക്കുന്നു.

8.4 ഇവയെല്ലാം കാണിക്കുന്നത് അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളിന്മേൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്ന നീതീകരിക്കാനാകാത്ത കാലതാമസമാണ്. ഈ തരത്തിലുള്ള നടപടികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതുശുപാർശകൾ

9. പല സ്ഥാപനങ്ങളും ഒന്നിൽ കൂടുതൽ വർഷങ്ങളിലെ റിപ്പോർട്ടുകൾ ഒന്നിച്ച് സഭയിൽ സമർപ്പിക്കുന്നതിനുവേണ്ടി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടുകൾക്കെല്ലാംകൂടി ഒരു ഡിലേ സ്റ്റേറ്റ്മെന്റ് നൽകുന്നതായും അല്ലെങ്കിൽ കാലതാമസത്തിന് ഒരു കാരണംതന്നെ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതായും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് ക്രമപ്രകാരമല്ലാത്തതിനാലും കാരണങ്ങൾ വിശ്വാസയോഗ്യമായിതോന്നാത്തതിനാലും ഓരോ വർഷത്തെയും റിപ്പോർട്ടുകൾക്ക് പ്രത്യേകം ഡിലേ സ്റ്റേറ്റ്മെന്റുകൾ നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധചെലുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. "പൊതുമേഖലാസ്ഥാപനങ്ങൾ അവയുടെ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ, കണക്കുകൾ എന്നിവ അതാത് സാമ്പത്തിക വർഷം അവസാനിച്ച് ആറുമാസത്തിനകം (സെപ്റ്റംബർ 30-നകം) സർക്കാരിൽ സമർപ്പിക്കണമെന്നും സർക്കാർ മൂന്നുമാസത്തിനകം (ഡിസംബർ 31-നകം) സഭയിൽ സമർപ്പിക്കണമെന്നുമുള്ള 1956-ലെ കമ്പനിനിയമവും 1971-ലെ കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കർത്തവ്യങ്ങളും അധികാരങ്ങളും സേവനവ്യവസ്ഥകളും നിയമവും അനുശാസിക്കുന്നുണ്ട്." എല്ലാ സർക്കാർ വകുപ്പുകളും അവയുടെ ഭരണ നിയന്ത്രണ ത്തിലുള്ള സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ടുകളും കണക്കുകളും യഥാസമയം സഭയിൽ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും, ആയതിന് വിമുഖത കാണിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു.

11. കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ 2000-01 വരെയും കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവേർട്ട്സ് ഫ്രം എസ്.സി. & ആർ.സി. 2002-03 വരെയും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 1999-2000 വരെയും ഹാൻഡിക്രാഫ്റ്റ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് 2003-04 വരെയുമുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിച്ചിട്ടുള്ളു. ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച വ്യക്തമായ നിയമങ്ങളും സമിതി ശുപാർകളും ഉണ്ടായിട്ടും മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ അവ നടപ്പിലാക്കിയിട്ടില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു.

12. സഭയിൽ സമർപ്പിക്കുന്നതിനുവേണ്ടി നൽകുന്ന റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റിന്റെ 150 കോപ്പികൾ നൽകണമെന്നതാണ് നിബന്ധന. ഡിലേ സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് വകുപ്പുമന്ത്രി സാക്ഷ്യപ്പെടുത്തിയതും മറ്റുള്ളവയിൽ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും ആയിരിക്കണം എന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ബഹു. സ്പീക്കറുടെ നിർദ്ദേശമായി ഉൾപ്പെടുത്തിയി ട്ടുള്ളതിനു പുറമേ സമിതി (2011-14)യുടെ രണ്ടാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നുവെങ്കിലും പലപ്പോഴും ഇത് കൃത്യമായി പാലിക്കപ്പെടുന്നില്ല. ആയതിനാൽ ഡിലേസ്റ്റേറ്റ്മെന്റുകൾ നൽകുമ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്സിന്റെ 2012-13-ലെ റിവ്യൂ പ്രകാരം പല സ്ഥാപനങ്ങളും കണക്കുകൾ യഥാസമയം ഓഡിറ്റിന് വിധേയമാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി സമിതി കണ്ടെത്തി. ആയതിന് വിമുഖത കാണിക്കുന്ന സ്ഥാപനമേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഉത്തരവാദിത്വം സമയത്ത് നിറവേറ്റുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ അച്ചടക്കനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഈ സംഗതികളിൽ നടപടികൾ സ്വീകരിക്കാത്തതുമൂലമാണ് ഉദ്യോഗസ്ഥർ ഇത്തരം തെറ്റുകൾ ആവർത്തിക്കുന്നതെന്നും ഈ വീഴ്ചകളെ ലഘുവായികാണുന്നതെന്നും സമിതി വിലയിരുത്തി.

14. പല റിപ്പോർട്ടുകളും സർക്കാരിന് ലഭിച്ചതിനുശേഷവും സഭയിൽ സമർപ്പിക്കുന്നതിലേക്കായി ലഭ്യമാക്കുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സമിതിക്ക് ലഭിക്കുന്ന മിക്ക ഡിലേ സ്റ്റേറ്റ്മെന്റുകളിലും അധിക വിവരങ്ങളിലും 'ഓഡിറ്റിംഗ് വൈകിയതുമൂലം', 'പ്രിന്റ് ചെയ്ത് കിട്ടാൻ വൈകിയതുമൂലം', 'നിയമസഭയിൽ വാർഷിക/ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കണം എന്ന കാര്യം അറിയില്ലായിരുന്നു' എന്നീ വിധത്തിലുള്ള യുക്തിസഹമല്ലാത്ത ആവർത്തിച്ചുള്ള കാരണങ്ങളാണ് കാലതാമസത്തിനുള്ള കാരണമായി പറയുന്നത്. ഇപ്രകാരമുള്ള വിശദീകരണങ്ങൾ ഒഴിവാക്കി ഡിലേക്കുള്ള യഥാർത്ഥ കാരണം വ്യക്തമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.